"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

നികുതി വകുപ്പ് -എക്സൈസ് -ഭരണപരം -അബ്കാരി, എൻ.ഡി.പി.എസ്സ് കേസുകളിലായി പിടിച്ചെടുത്ത് സർക്കാരിലേക്ക് കണ്ടുകെട്ടി MSTC വഴി ആദ്യത്തെ ഒരു പ്രാവശ്യം ലേലം ചെയ്തിട്ടും ലേലം പോകാത്ത വാഹനങ്ങൾ മാനുവൽ ലേലം ചെയ്യുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി (എഫ് )വകുപ്പ്**

**സ.ഉ.(സാധാ) നം.666/2025/TAXES** **തീയതി,തിരുവനന്തപുരം, 17-07-2025**

പരാമർശം:-

1. 14.11.2022-ലെ സ.ഉ.(കൈ)നം.202/2022/ധന.
2. 05.06.2025-ലെ സ.ഉ.(സാധാ)നം.524/2025/TAXES.
3. മാനുവൽ ലേലം ശിപാർശ കമ്മിറ്റിയുടെ 19.06.2025 തീയതിയിലെ യോഗ തീരുമാനം.
4. എക്സൈസ് കമ്മീഷണറുടെ 22.02.2025, 26.06.2025 തീയതികളിലെ ഇ.എക്സ്.സി/2348/2019-എക്സ്.എ.5 നമ്പർ കത്തുകൾ.

**ഉത്തരവ്**

എക്സൈസ് വകുപ്പിൽ അബ്കാരി, എൻ.ഡി.പി.എസ്സ് കേസുകളിൽ ഉൾപ്പെട്ട് പിടികൂടിയ വാഹനങ്ങൾ ദ്രുതഗതിയിൽ ഡിസ്പോസ് ചെയ്യുന്നതിലേക്ക് സത്വരനടപടികൾ സ്വീകരിച്ചു വരികയാണെന്നും, നിലവിൽ 2025 ജനുവരി മാസത്തെ കണക്കുകൾ പ്രകാരം അബ്കാരി കേസുകളിൽ ഉൾപ്പെട്ട് പിടികൂടിയ 5115 വാഹനങ്ങളും എൻ.ഡി.പി.എസ്. കേസുകളിൽ ഉൾപ്പെട്ട് പിടികൂടിയ 3247 വാഹനങ്ങളും ഡിസ്പോസ് ചെയ്യുവാൻ ശേഷിക്കുന്നുണ്ടെന്നും, നിലവിൽ എക്സൈസ് വകുപ്പ് കണ്ടെത്തുന്ന എല്ലാ വാഹനങ്ങളും MSTC മുഖേന ഓൺലൈൻ ആയാണ് വില്പന നടത്തി വരുന്നതെന്നും, സമീപകാലത്തെ MSTC platform മുഖേനയുള്ള വാഹനലേലത്തിലൂടെ വില്പനയിൽ പോകുന്ന വാഹനങ്ങളുടെ കണക്കുകൾ പരിശോധിച്ചാൽ വളരെ കുറച്ച് വാഹനങ്ങളാണ് വില്പനയിൽ പോകുന്നതായി കാണുന്നതെന്നും, തത്ഫലമായി ഡിസ്പോസൽ ആകാതെ നിരവധി വാഹനങ്ങൾ കാലക്രമേണ എക്സൈസ് ഓഫീസുകളിൽ കെട്ടികിടന്ന് നശിച്ച് പോകുന്നുവെന്നും അതുമൂലം സർക്കാരിന് ലഭിക്കേണ്ട വലിയൊരു അളവ് റവന്യൂ നഷ്ടപ്പെട്ട് പോകുന്നുവെന്നും കൂടാതെ, ടി വാഹനങ്ങൾ എക്സൈസ് ഓഫീസുകളിൽ സൂക്ഷിക്കുന്നതിനുള്ള സ്ഥലപരിമിതികൾ അധികരിച്ചിരിക്കുന്നതിനാൽ നിലവിൽ പൊതുസ്ഥലങ്ങളിലും സൂക്ഷിക്കുകയാണ് ചെയ്തുവരുന്നതെന്നും, പൊതുസ്ഥലങ്ങളിൽ സൂക്ഷിച്ചിരിക്കുന്ന ഇത്തരം വാഹനങ്ങൾ അടിയന്തരമായി ഡിസ്പോസൽ ചെയ്യണമെന്ന് നിലവിൽ ബഹുമാനപ്പെട്ട കോടതി

ഉത്തരവുകൾ നിലവിലുള്ളതാണെന്നും ഈ സാഹചര്യത്തിൽ, MSTC പ്ലാറ്റ്ഫോം മുഖേന ഓൺലൈൻ ആയി വാഹനങ്ങൾ രണ്ട് പ്രാവശ്യം ലേലത്തിന് വച്ചശേഷവും ആ തുകയ്ക്ക് ലേലം കൊള്ളാൻ ആരും തയ്യാറാകാതെ വന്നാൽ അത്തരം വാഹനങ്ങളെ പരാമർശം (1)-ലെ ഉത്തരവ് പ്രകാരം അപ്സെറ്റ് വിലയുടെ 50% കുറയ്ക്കുന്നതിനുമുൻപ് ഒരു പ്രാവശ്യം MSTC platform വഴിയല്ലാതെ നേരിട്ട് പൊതുലേലത്തിൽ വില്പന നടത്തുന്നതിനും തുടർന്ന്, ടി പൊതുലേലത്തിലും വില്പനയിൽ പോകാത്ത വാഹനങ്ങൾ കമ്പോളവിലയുടെ 50% കുറച്ച് MSTC പ്ലാറ്റ്ഫോം വഴി ഓൺലൈൻ വില്പന നടത്താവുന്നതും ഇപ്രകാരം രണ്ട് പ്രാവശ്യം വിറ്റുപോകാത്ത വാഹനങ്ങൾ ഒരു പ്രാവശ്യം വീണ്ടും പൊതുലേലത്തിൽ വില്പന നടത്തുന്നതിനുള്ള അനുമതി നൽകണമെന്നും പരാമർശം (4)-ലെ 22.02.2025 തീയതിയിലെ കത്ത് പ്രകാരം എക്സൈസ് കമ്മീഷണർ അഭ്യർത്ഥിക്കുകയുണ്ടായി.

**2)** MSTC വഴി വാഹനങ്ങൾ വിൽപ്പന നടത്താൻ ശ്രമിക്കുമ്പോൾ വാങ്ങാനുള്ള ആളുകളുടെ എണ്ണം കുറവായതിനാൽ വാഹനങ്ങൾ സമയബന്ധിതമായി വിറ്റു പോകുന്നില്ല എന്ന് പൊതുവേ പരാതി റിപ്പോർട്ട് ചെയ്ത് വരുന്നതിനാലും, എക്സൈസ് വകുപ്പിൽ പിടിച്ചെടുക്കപ്പെട്ട വാഹനങ്ങൾ വിൽപന ചെയ്യുന്ന കാര്യത്തിൽ MSTC വഴി നടത്തുന്ന ലേലങ്ങൾ ഫലപ്രദമാകുന്നില്ല എന്ന സാഹചര്യം എക്സൈസ് കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുള്ളതിനാലും, ഈ സാഹചര്യം ഒഴിവാക്കി വാഹനങ്ങൾ സമയബന്ധിതമായി വിൽപന നടത്തേണ്ടത് കൂടുതൽ സർക്കാർ റവന്യൂ മുതൽക്കൂട്ടുന്നതിനും പരിസര ശുചീകരണത്തിനും വളരെ അത്യാവശ്യമായ സംഗതിയാണെന്നുള്ളതിനാൽ MSTC വഴി ആദ്യത്തെ ഒരു പ്രാവശ്യം ലേലം ചെയ്ത വാഹനങ്ങൾ വിറ്റുപോകാത്ത സാഹചര്യത്തിൽ പ്രതിമാസ അടിസ്ഥാനത്തിൽ പ്രസ്തുത വാഹനങ്ങൾ മാനുവൽ ലേലം ചെയ്യുന്നതിനുള്ള ശിപാർശ, വാഹനങ്ങളുടെ വിശദവിവരങ്ങൾ, upset value, MSTC auction-ൽ quote ചെയ്യപ്പെട്ട തുക എന്നിവ സഹിതം പ്രസ്തുത വാഹനങ്ങളുടെ മാനുവൽ ലേലം ശിപാർശ ചെയ്യുന്നതിന് പരാമർശം (2) പ്രകാരം ഒരു സമിതി രൂപീകരിക്കുകയുണ്ടായി.

**3 )** സമിതിയുടെ 19.06.2025 തീയതിയിൽ ചേർന്ന യോഗത്തിൽ അബ്കാരി കേസുകളിലായി പിടിച്ചെടുത്ത് സർക്കാരിലേക്ക് കണ്ടുകെട്ടി MSTC വഴി ആദ്യത്തെ ഒരു പ്രാവശ്യം ലേലം ചെയ്തിട്ടും ലേലം പോകാത്ത 904 വാഹനങ്ങളും, NDPS കേസുകളിലായി പിടിച്ചെടുത്ത് നടപടികൾ പൂർത്തിയാക്കി MSTC വഴി ആദ്യത്തെ ഒരു പ്രാവശ്യം ലേലം ചെയ്തിട്ടും ലേലം പോകാത്ത 477 വാഹനങ്ങളും മാനുവൽ ലേലം ചെയ്യുന്നതിനായി യോഗം തീരുമാനിച്ചിട്ടുണ്ടെന്നും, അതിനാൽ ടി വാഹനങ്ങൾ മാനുവൽ ലേലം നടത്തുന്നതിനുള്ള അനുമതി നൽകണമെന്നും ആവശ്യപ്പെട്ട് പരാമർശം (4)-ലെ 26.06.2025 തീയതിയിലെ കത്ത് പ്രകാരം എക്സൈസ് കമ്മീഷണർ റിപ്പോർട്ട് സമർപ്പിക്കുയുണ്ടായി.

**4)** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. MSTC വഴി ആദ്യത്തെ ഒരു പ്രാവശ്യം ലേലം ചെയ്ത വാഹനങ്ങൾ വിറ്റു പോകാത്ത സാഹചര്യത്തിൽ പ്രതിമാസ അടിസ്ഥാനത്തിൽ പ്രസ്തുത വാഹനങ്ങൾ മാനുവൽ ലേലം ചെയ്യുന്നതിനുള്ള ശിപാർശ, വാഹനങ്ങളുടെ വിശദവിവരങ്ങൾ, upset value, MSTC auction-ൽ quote

ചെയ്യപ്പെട്ട തുക എന്നിവ സഹിതം പ്രസ്തുത വാഹനങ്ങളുടെ മാനുവൽ ലേലം ശിപാർശ ചെയ്യുന്നതിന് രൂപീകരിച്ച സമിതി പരാമർശം (3) പ്രകാരം ശിപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ, അബ്കാരി കേസുകളിലായി പിടിച്ചെടുത്ത് സർക്കാരിലേക്ക് കണ്ടുകെട്ടി MSTC വഴി ആദ്യത്തെ ഒരു പ്രാവശ്യം ലേലം ചെയ്തിട്ടും ലേലം പോകാത്ത 904 വാഹനങ്ങളും, NDPS കേസുകളിലായി പിടിച്ചെടുത്ത് നടപടികൾ പൂർത്തിയാക്കി MSTC വഴി ആദ്യത്തെ ഒരു പ്രാവശ്യം ലേലം ചെയ്തിട്ടും ലേലം പോകാത്ത 477 വാഹനങ്ങളും മാനുവൽ ലേലം ചെയ്യുന്നതിന് ചുവടെ പറയുന്ന പൊതുവ്യവസ്ഥകൾക്ക് വിധേയമായി പ്രത്യേക അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

<u>പൊതുവ്യവസ്ഥകൾ</u>

1) മാനുവൽ ലേലം നടത്തുമ്പോൾ ഓരോ വാഹനമായി ലേലം നടത്തേണ്ടതാണ്. കൺസീൽഡ് ടെൻഡറുകൾ സ്വീകരിക്കുന്നതിനുള്ള നടപടികൾ ഉണ്ടാകണം.

2) മാനുവൽ ലേലം നടത്തുന്നതിനുള്ള നോട്ടീസ് വെബ് സൈറ്റിലും എല്ലാ എക്സൈസ് ഓഫീസുകളിലും പി.ഡബ്യൂ.ഡി. ഓഫീസുകളിലും വില്ലേജ് ഓഫീസുകളിലും കളക്ടേറ്റിലും പതിപ്പിക്കുന്നതിനുള്ള നടപടികൾ ഉണ്ടാകണം.

3) മാനുവൽ ലേലം ജില്ലാതലത്തിൽ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാരുടെ നേതൃത്വത്തിൽ നടത്തേണ്ടതാണ്. അതിലേയ്ക്കുള്ള പരസ്യം ജില്ലയിലെ മൂന്ന് പ്രമുഖ പത്രമാധ്യമങ്ങളിൽ നൽകേണ്ടതാണ്. മാനുവൽ ലേലം നടത്തുന്നതിന് കുറഞ്ഞത് 15 ദിവസം മുൻപ് അതിന്റെ നോട്ടീസ് പൊതു ഇടങ്ങളിൽ പ്രദർശിപ്പിക്കേണ്ടതാണ്.

4)ജില്ലാതലത്തിലുള്ള മാനുവൽ ലേലം ഒരേ തീയതിയിൽ ഒന്നിൽ കൂടുതൽ ജില്ലകളിൽ നടത്താതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

5)മാനുവൽ ലേലനടപടികൾ സുതാര്യവും ലളിതവുമായിരിക്കണം.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പ്രമോദ് എം വി

അഡിഷണൽ സെക്രട്ടറി

1.എക്സൈസ് കമ്മീഷണർ, തിരുവനന്തപുരം

2.ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് (മെക്കാനിക്കൽ, തിരുവനന്തപുരം.

3.ധനകാര്യ വകുപ്പ് (EXP-B1/193/2025-FIN dated 08.05.2025)

4.അക്കൗണ്ടന്റ് ജനറൽ (എ&ഇ / ആഡിറ്റ് -ഇ.ആർ.എസ്.എ) കേരളം, തിരുവനന്തപുരം

5.വെബ് &ന്യൂ മീഡിയ (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് )

6.കരുതൽ ഫയൽ / ഓഫീസ് കോപ്പി(F3/51/2025/TAXES)

ഉത്തരവിൻ പ്രകാരം

Signed by
Hemalatha Das
സെക്ഷൻ ഓഫീസർ
Date: 18-07-2025 10:05:07